**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4293** **01-07-2024 - ൽ മറുപടിയ്ക്ക്**

**കണ്ണമ്പ്ര വ്യവസായ പാർക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബിയുടെ ഫണ്ടിൽ ഉൾപ്പെടുത്തിയ കണ്ണമ്പ്ര വ്യവസായ പാർക്ക് കിൻഫ്ര (ഐ.എൻ.ഡി. 001-01) പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ? | (എ) | കണ്ണമ്പ്ര വ്യവസായ പാർക്കിന്റെ സ്ഥലമേറ്റെടുപ്പിനുള്ള സാമ്പത്തികാനുമതി മാത്രമാണ് കിഫ്ബി നൽകിയിട്ടുള്ളത്. ടി പദ്ധതിയുടെ ഒന്നാംഘട്ടം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി 299.43 ഏക്കർ ഭൂമി പദ്ധതി നിർവഹണ ഏജൻസിയായ കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ആവശ്യമുള്ളതിനാൽ ആയത് ലഭ്യമാക്കുന്ന നടപടികൾ അന്തിമഘട്ടത്തിൽ ആണെന്നും കൂടാതെ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു എന്നും കിൻഫ്ര അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ